# 20

## സഭ:

# അതിന്റെ അച്ചടക്കം

**പ്രാഥമികം** ______________________________

1. സംഘടിപ്പിക്കപ്പെടാത്ത സഭയ്ക്കു വിജയകരമായി അച്ചടക്കം നടത്തുവാൻ കഴിയുമോ? എന്തുകൊണ്ട്?
2. സഭയെ നന്നായി - സംഘടിപ്പിക്കുന്നതെന്താണ്?
3. കർത്താവു സഭയ്ക്കുവേണ്ടി മരിച്ചത് എന്തിന് (എഫെ. 5:25-27)?
4. ക്രിസ്തു എങ്ങനെ സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു (റോമർ 7 : 4 ; 2 കൊരി. 11:2)?
   a. മണവാട്ടി പാതിവ്രത്യയും അവിശ്വസ്തയുമായി തീർന്നാൽ എന്തു ചെയ്യും?
   b. സഭ ലോകവുമായി വ്യഭിചാരം ചെയ്താൽ എന്തു ചെയ്യും?
5. അച്ചടക്കം ഉപേക്ഷിച്ചാൽ, കർത്താവു എന്തുചെയ്യും (വെളി. 2:5; 3:16)?
6. അഭക്തരായ അംഗങ്ങൾ സഭയെ മുഴുവൻ എങ്ങനെ ബാധിക്കും (1 കൊരി. 5:6)?

**സഭയെ എങ്ങനെ ശുദ്ധമായി സൂക്ഷിക്കാം** ______________________________

1. എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിനെ എങ്ങനെ പരിഗണിക്കണം - എന്തായിട്ട് (എബ്രാ. 2:17, 18)?
2. ബലഹീനരുടെ ബലഹീനതയെ യേശു എങ്ങനെ സ്പർശിച്ചു? എല്ലാവരും അവനോടു എങ്ങനെ സമീപിക്കണം (എബ്രാ. 4:15, 16)?
3. ക്രിസ്ത്യാനികൾ പാപം ചെയ്താൽ എന്തു ചെയ്യും? എന്താണ് പരിഹാരം (1 യോഹ 2:1, 2)?
4. എന്തുചെയ്യുവാനാണ് എല്ലാവരേയും തുടർച്ചയായി പഠിപ്പിക്കേ ണ്ടത്? എന്തുകൊണ്ട് (1 യോഹ. 1:9)?
5. സഭയെ തുടർച്ചയായി മുന്നറിയിക്കേണ്ടതു എന്തിനാലാണ് (എബ്രാ. 3:12, 13)?
6. പൗലൊസിന്റെ മൂന്നു പ്രബോധനങ്ങൾ ഏവ (എബ്രാ. 10:24, 25).

7. എല്ലാവരുടേയും ജീവിതത്തെ നന്നാക്കുന്ന സ്വഭാവവിശേഷതകളാകുന്ന രണ്ടു കാര്യങ്ങൾ പറയുക (യാക്കൊ. 5:16).
8. ആദ്യ സഭ ചെയ്തതു എന്ത് (പ്രവൃത്തികൾ 2:42)?
9. സഭയെ നിർമ്മലമാക്കി നിർത്തുവാൻ അദ്ധ്യക്ഷന്മാർ എന്തു ചെയ്യണം (1 തെസ. 5:14, 15)?

**എന്താണ് ക്രമക്കേടുണ്ടാക്കുന്നതു**

1. പാപത്തിന്റെ മൂന്നു നിർവ്വചനങ്ങൾ നല്കുക (യാക്കൊ. 4:17; 1 യോഹ. 3:4; 5:17).
2. ക്രമക്കേടു തടയുന്നതെന്താണ് (1 യോഹ. 1:9)?
3. ക്രമം കെട്ട സ്വഭാവം വിവരിക്കുക (സദൃ. 29:1). ക്രമം കെട്ടവരെ കുറിച്ചുള്ള കർത്താവിന്റെ ഉദാഹരണം നൽകുക (ലൂക്കൊ. 12:45, 46).

**ക്രമം കെട്ടവരെ എപ്പോൾ അച്ചടക്കം നടത്തണം**

1. എടുക്കേണ്ടതായ പടികളിൽ ഒന്നു പറയുക (1 യോഹ. 5:16).
2. വിശ്വസ്തർ എന്തു ചെയ്യുവാനാണ് യാക്കൊബ് പ്രബോധിപ്പിക്കുന്നത് (യാക്കൊ. 5:19, 20)?
3. പാപം കീഴ്പ്പെടുത്തിയവരെ സഹായിക്കുവാൻ ശക്തർ എന്തു ചെയ്യണം (ഗലാ. 6:1)?
4. അത്തരക്കാരെ രക്ഷിക്കുവാൻ മൂപ്പന്മാർ എന്തു ചെയ്യണം (1 തെസ. 5:14)?
5. മത്സരിക്കുന്നവരെ രക്ഷിക്കുവാൻ എല്ലാവരും എത്രത്തോളം പോകണം (മത്താ. 18:15-19)?
   a. ഈ നടപടി വ്യക്തിപരമായ ദുഃഖങ്ങളിൽ മാത്രം പരിമിതപ്പെടുത്തണോ?
   b. അതു എല്ലാ അച്ചടക്ക കാര്യങ്ങളിലും ബാധകമല്ലേ?
6. ആ പരിശ്രമങ്ങൾ എല്ലാം പരാജയപ്പെട്ടാൽ എന്തു ചെയ്യും (2 തെസ. 3:6)?
7. വിവാഹേതര ലൈംഗിക ബന്ധത്തിൽ ജീവിക്കുന്ന ആളെ എങ്ങനെ കൈകാര്യം ചെയ്യണം (1 കൊരി. 5:3-5, 13)?
   അച്ചടക്കത്തിൽ സഭയ്ക്കു മുഴുവൻ പങ്കുണ്ടോ?

**എന്തുകൊണ്ടു അച്ചടക്കം നടപ്പാക്കണം**

1. ഒരു പാപിയായ മനുഷ്യൻ സഭയെ മൊത്തത്തിൽ ബാധിക്കുന്ന തെങ്ങനെ (1 കൊരി. 5:6)?
2. ആഖാന്റെ പാപം എങ്ങനെ യിസ്രായേൽ സൈന്യത്തെ ബാധിച്ചു (യോശുവ 7:1, 5, 8)?
   താൻ യിസ്രായേലിനോടുകൂടെ ഇരിക്കുമെന്നു വാഗ്ദാനം ചെയ്തതു എപ്പോൾ (യോശു. 7:13)?

3. **നന്മക്കായുള്ള സ്വാധീനം അനേകം സഭകൾക്കു നഷ്ടപ്പെട്ടതു എന്തുകൊണ്ട്?**
4. **അച്ചടക്കം നടപ്പാക്കാതെ അദ്ധ്യക്ഷന്മാർക്കു ദൈവത്തോടു ഭക്തിയുള്ളവരായിരിപ്പാൻ കഴിയുമോ (2 തെസ. 3:6)?**
   a. ക്രമം കെട്ട ആളെ അച്ചടക്കം വരുത്തിയില്ലെങ്കിൽ എന്തു സംഭവിക്കും?
   b. അവന്റെ തെളിവു, മത്താ. 13:27–30, 37, അവനെ നിലനിർത്തുമോ (2 തെസ. 3:6, 14)?
5. **യെരുശലേം സഭയിൽ അച്ചടക്കശേഷം എന്തു നടന്നു (പ്രവൃത്തികൾ 5:11, 14)?**
6. **കൂട്ടായ്മയിൽ നിന്നു പുറത്താക്കുന്നതിന്റെ അന്തിമ ലക്ഷ്യം എന്താണ് (1 കൊരി. 5:4, 5)?**

**അച്ചടക്കം വരുത്തിയവരോടു എങ്ങനെ പെരുമാറണം ___________**

1. **അവരുമായുള്ള സാമൂഹ്യ ബന്ധം എന്തായിരിക്കണം (1 കൊരി. 5:11; 2 തെസ. 3:14)?**
2. **അത്തരക്കാരെ എങ്ങനെ ആത്മിക വർദ്ധനവു വരുത്തും (2 തെസ. 3:15)?**
3. **യോഹന്നാന്റെ പ്രബോധനം എന്ത് (1 യോഹ. 5:16)?**

© 2009 Truth for Today